ശ്രീ. മാന്നാർ ഗോപാലൻ നായർ: അടുത്ത കാലത്തു് ആരുടെയെങ്കിലും പേരിൽ കേസ്സെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരാളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: കാപ്പിക്കടകളിലുംമറ്റും ഇപ്പോഴും അയിത്താചാരം പുലത്തിക്കൊണ്ടുപോകുന്നതായി ഗവൺമെണ്ടിനു പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയുള്ള പരാതികൾ നെയ്യാറ്റിൻകരനിന്നും, നെടുമങ്ങാട്ടുനിന്നും അടുത്തകാലത്തു കിട്ടിയിട്ടുണ്ടു്.

അപഹരണം

*൯൫ ൭. (൯൩) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെടുമങ്ങാടു താലൂക്കിൽ പാലോടു പകുതിയിൽ ആനാടു മുറിയിൽ, പിന്നോക്ക വർഗ്ഗക്കാർക്കു് അനുവദിച്ചിട്ടുള്ള പൊൻകുഴികരിക്കം, പത്തു് ഏക്കർ സ്ഥലം ഇതരവർഗ്ഗസ്ഥൻ ഒരാൾ അപഹരിച്ചു താമസിച്ചു വരുന്നതായി പരാതി ഹർജികൾ കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുത്തു?

ധനകാര്യവും റവന്യുവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കുടുംബപെൻഷൻ

*൯൫ ൮൨. (൯. ൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

ഈ ഐക്യസംസ്ഥാനത്തു് എത്ര കുടുംബങ്ങൾക്കു കുടുംബപെൻഷൻ കൊടുക്കുന്നുണ്ടു്; ആ ഇനത്തിൽ ഒരു കൊല്ലം ഗവൺമെണ്ടിനു് എത്ര ചിലവു വരും?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ഉത്തരം തയ്യാറായിട്ടില്ല.

വീടുകൾ

*൯൫൯. (൯൨൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഭവനമില്ലാത്തവർക്കായി ഇതിനകം എത്ര വീടുകൾ തീർത്തു; ഇനി എത്ര തീർക്കുവാനുണ്ടു്; പെരുമ്പാവൂരിൽ വല്ല വീടുകളും ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും റവന്യുവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ).

ഇതുവരെ ൨൩൩ വീടുകൾ കെട്ടിയിട്ടുണ്ടു്. അനുവദിച്ചിട്ടുള്ളതിൽ ഇനി ൫൫ വീടുകൾ കൂടി തീർക്കാനുണ്ടു് പെരുമ്പാവൂരിൽ തല്ക്കാലം വീടുകൾ കെട്ടാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. വി. ജോസഫ്: പെരുമ്പാവൂരിൽ ഇപ്പോൾ വീടുകൾ കെട്ടാൻ ഉദ്ദേശിക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly